**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 436 21/07/2015-ൽ മറുപടിയ്ക്ക്

# കാർഷികമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**,, കെ.എൻ.എ.ഖാദർ**<br>**,, പി.ഉബൈദുള്ള**<br>**,, സി.മമ്മൂട്ടി** | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കാർഷികമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും പങ്കാളികളാക്കുന്നതിനുമുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ വിശദമാക്കുമോ ; | എ) ഉണ്ട്.<br><br>**1). പോളീഹൈസ് കൃഷി രീതി (Hi-Tech Agriculture)**<br>2012-13 വർഷം മുതൽ കൃഷി വകുപ്പ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന പോളീഹൗസ് കൃഷിക്ക് ധനസഹായം നല്കി വരുന്നു. ചുരുങ്ങിയ വിസ്തൃതിയിൽ നിന്നും പരമാവധി ഉല്പാദനം ലഭ്യമാക്കുക എന്നതാണ് ഹൈടെക് കൃഷി രീതി കൊണ്ടുദ്ദേശിക്കുന്നത്. 400 മുതൽ 4000 sqm വരെ വിസ്തീർണ്ണമുള്ള പോളീ ഹൗസുകൾക്ക് 75 ശതമാനം വരെ ധനസഹായം നല്കി വരുന്നു. പഴം പച്ചക്കറി, പുഷ്പകൃഷി, എന്നിവയ്ക്കാണ് പോളീഹൗസ് കൃഷി അവലംബിക്കുന്നത്. ഹൈടെക് കൃഷിയിലൂടെ വിദ്യാസമ്പന്നരായ 930 യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതൽ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>**2). അഗ്രോ സർവ്വീസ് സെന്റർ)**<br><br>കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട |

ഉപാധികളായ നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവരാസകീടനാശിനികൾ, തൊഴിലാളികൾ എന്നിവയുടെ ലഭ്യത ഒരു കുടക്കീഴിൽ ആക്കി കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കിയ സ്ഥാപനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ. അഥവാ അഗ്രോ സർവ്വീസ് സെന്ററുകൾ 14 ജില്ലകളിലായി 50 കേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. യുവാക്കൾക്ക് കാർഷിക മേഖലയിൽ പരമാവധി തൊഴിൽ സാധ്യത ഉറപ്പാക്കുവാൻ ഇതിലൂടെ കഴിയുന്നു. നിലവിൽ 750 ൽ പരം പേർ അംഗങ്ങളായി പ്രവർത്തിച്ചു വരുന്നു.

**3). കാർഷിക കർമ്മസേന**

കർഷകർക്ക് യഥാസമയം കുറഞ്ഞ ചെലവിൽ മികച്ച സേവനം ശാസ്ത്രീയമായ കൃഷിപ്പണികൾ യന്ത്രവത്ക്കരണത്തിലൂടെ ചെയ്തു കൊടുക്കുന്നതിന് പഞ്ചായത്തു തലത്തിൽ രൂപീകരിച്ച പരിശീലനം സിദ്ധിച്ച തൊഴിലാളികൾ അടങ്ങുന്ന ഒരു സംവിധാനമാണ് കാർഷിക കർമ്മസേന. തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന രൂപീകരിയ്ക്കപ്പെട്ടിട്ടുണ്ട്. 18 വയസ്സ് തികഞ്ഞ കാർഷിക വൃത്തി ചെയ്യാൻ താല്പര്യമുള്ള യുവതിയുവാക്കളെ കർമ്മസേനയിൽ അംഗങ്ങളാക്കുന്നു. ഓരോ കർമ്മസേനയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, അംഗങ്ങൾക്ക് വേണ്ട പരിശീലനം എന്നിവ കൃഷി വകുപ്പ് നല്കി വരുന്നു. പദ്ധതി യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം നല്കാൻ ഉപകരിക്കുന്നു.

**4).എ.സി.എ.ബി.സി അഗ്രി ക്ലിനിക് ആന്റ് അഗ്രി ബിസിനസ്സ് സെന്റർ**

കാർഷിക ബിരുദധാരികളായ യുവാക്കൾക്ക് സ്വയം സംരംഭകരായി തൊഴിൽ അധിഷ്ഠിത സേവനം ചെയ്യുന്നതുവഴി കർഷകരുടേയും നാടിന്റേയും കാർഷിക പുരോഗതി ലക്ഷ്യമിടുന്ന ഈ കേന്ദ്ര ഗവൺമെന്റ് പദ്ധതി കാർഷിക അനുബന്ധ മേഖലകളിൽ വിജയകരമായി നടപ്പാക്കി വരുന്നു.

ബി) അത്തരമൊരു പദ്ധതി നിലവിലില്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിച്ച് അതുപ്രകാരം ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സംവിധാനം കൂടി ഏർപ്പെടുത്തി പദ്ധതി ആകർഷകമാക്കാനും കൂടുതൽ ചെറുപ്പക്കാരെ പദ്ധതിയിൽ പങ്കാളികളാക്കാനും നടപടി സ്വീകരിക്കുമോ?

ബി) മേൽപ്പറഞ്ഞ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നത് വഴി അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങൾ പഞ്ചായത്ത് തലത്തിൽ പ്രാദേശിക വിപണികളിലൂടെ വിറ്റഴിക്കപ്പെടുന്നുണ്ട്. അധിക ഉല്പാദനം ആവശ്യങ്ങൾക്ക് അനുസൃതമായി കയറ്റുമതി ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ